## പതിമൂന്നാം കേരളനിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 7032

11.7.2014 ലെ മറുപടിക്ക്

### സ്കൂളുകളിലെ തസ്തിക നിർണ്ണയം

| ചോദ്യം | | ഉത്തരം |
|---|---|---|
| പ്രൊഫ. സി. രവീന്ദ്രനാഥ് | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസവകുപ്പ് മന്ത്രി) |
| (എ) യു.ഐ.ഡി. കംപ്ലീറ്റ് ആയിട്ടും തസ്തിക നിർണ്ണയം നടത്തിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | യു.ഐ.ഡി. പൂർത്തിയായതിനെ തുടർന്ന് 29.11.2013 ലെ സർക്കാർ ഉത്തരവ് നം.313/13/പൊവിവ നം. ഉത്തരവ് പ്രകാരം 2013-14 ലെ തസ്തിക നിർണ്ണയം നടത്തുവാൻ ഉത്തരവായിരുന്നെങ്കിലും ഇതിനെതിരെ നിരവധി കേസുകൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്യുകയും നിരവധി കോർപ്പറേറ്റ് /വ്യക്തിഗത മാനേജ്മെന്റ് സ്കൂളുകൾ സ്റ്റേ ഉത്തരവ് നേടുകയും ചെയ്തതിനാൽ ഇത് പൂർത്തിയാക്കുവാൻ സാധിച്ചിരുന്നില്ല. ആയതിനാൽ ഇതിന് ചില ഭേദഗതികൾ നിർദ്ദേശിച്ച് 4.7.2014 ൽ സ.ഉ.(പി) നം. 124/14/പൊവിവ ഉത്തരവ് പുറപ്പെടുവിക്കുകയും പ്രസ്തുത ഉത്തരവനുസരിച്ച് 2014-15 ലെ തസ്തികനിർണ്ണയം 2014 ജൂലായ് 15 ന മുമ്പ് പൂർത്തിയാക്കണമെന്ന് നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) ചില സ്കൂളുകളിലെ തസ്തിക അധികമാണെന്നും ചിലസ്കൂളുകളിൽ കുറവാണെന്നുമുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) യും (സി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അധികമായ അദ്ധ്യാപകരെ പുനർവിന്യസിക്കുന്നതു സംബന്ധിച്ച് 29.11.2013 ലെ സ.ഉ.(പി) 313/13/പൊവിവ, 4.7.2011ലെ സ.ഉ. (പി) നം.124/14/പൊവിവ പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കു പുറമേ കൂടുതൽ വിശദമായ മാർഗ്ഗരേഖകൾ കൂടി പുറപ്പെടുവിക്കുന്നതാണ്. (പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.) |
| (സി) ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | | |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻഓഫീസർ